**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനംവന്യജീവി വകുപ്പ് - ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ആനകളെ എഴുന്നള്ളിക്കുന്നതിനുള്ള സർക്കുലർ നിർദ്ദേശങ്ങളിൽ ഈ വർഷത്തെ തൃശ്ശൂർ പൂരം ഭംഗിയായി നടത്തുന്നതിലേക്കായി ഇളവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം. 43/2013/വനം. തിരുവനന്തപുരം, തീയതി, 18 .04.2013.

---

പരാമർശം -1. 20.03.2013-ലെ 2853/ഡി2/2013/വനം നമ്പർ സർക്കുലർ.

2. തൃശ്ശൂർ ജില്ലാ കളക്ടറുടെ 16.04.2013-ലെ സി.എ-30/13 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ആനകളെ എഴുന്നള്ളിക്കുന്നതിന് പരാമർശം ഒന്നിലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. നിലവിലുള്ള ആചാരാനുഷ്ഠാനങ്ങളിൽ മാറ്റം വരുത്താതെ തൃശ്ശൂർ പൂരം സമുചിതമായി കൊണ്ടാടുന്നതിന് പ്രസ്തുത സർക്കുലറിലെ (3). (4), (12) എന്നീ നിബന്ധനകൾ ഇളവ് ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും, ആയതിനാൽ പ്രസ്തുത നിബന്ധനകളിൽ ഇളവ് വരുത്തി ഉചിതമായ ഉത്തരവ്/നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും പരാമർശം രണ്ടിലെ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആചാരാനുഷ്ഠാനങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ ഈ വർഷത്തെ തൃശ്ശൂർ പൂരം ഭംഗിയായി കൊണ്ടാടുന്നതിലേക്കായി, ഒരു പ്രത്യേക പരിഗണന നൽകി മേൽ പരാമർശിത സർക്കുലറിലെ (3). (4), (12) എന്നീ നിബന്ധനകൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകി ഉത്തരവാകുന്നു.

(i) മേൽ വിവരിച്ച പ്രകാരം ഇളവ് അനുവദിക്കുമ്പോൾ പൊതുജനങ്ങൾക്കോ, തൃശ്ശൂർ പൂരത്തിന് ഉപയോഗിക്കുന്ന ആനകൾക്കോ യാതൊരു വിധ ബുദ്ധിമുട്ടും ഉണ്ടാകില്ലെന്ന കാര്യം തൃശ്ശൂർ ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

(ii) നിലവിലുള്ള നിബന്ധനകളിൽ ഇളവ് അനുവദിക്കുമ്പോൾ യാതൊരുവിധ അനിഷ്ട സംഭവങ്ങളും ഉണ്ടാകില്ലായെന്ന കാര്യം ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

(iii) 2012-ലെ നാട്ടാന പരിപാലന ചട്ടങ്ങളിലെ ചട്ടം (10) പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാതല കമ്മിറ്റി തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് ആനകളെ എഴുന്നള്ളിക്കുന്ന

കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തി നിലവിലുള്ള നിബന്ധനകൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(iv) മേൽ പരാമർശിത സർക്കുലറിലെ (3). (4), (12) എന്നീ നിബന്ധനകൾ ഈ വർഷത്തെ തൃശ്ശൂർ പൂരത്തിന് മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രദീപ് കുമാർ,
പ്രിൻസിപ്പൽ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആന്റ് ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പിന് .
കരുതൽ ശേഖരം/ഓഫീസ് കോപ്പി.

പകർപ്പ് - മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.